ടി.കെ ഉബൈദ്

1246

സൂറ - 47

# മുഹമ്മദ്

مُحَمَّد

## സൂക്തം 19-21

ഭീരുത്വമാണ് കാപട്യത്തിന്റെ കാതൽ. അവിശ്വാസം പുറത്തുപറഞ്ഞാൽ ഉള്ളിലുള്ള സ്വാർഥതകളും ദുഷ്ടലാക്കുകളും കണ്ടുപിടിക്കപ്പെടുമെന്ന പേടി, സ്വാർഥ താൽപര്യങ്ങൾ ഹനിക്കപ്പെടുമെന്ന പേടി, മറ്റുള്ളവരുടെ ആക്ഷേപ ശകാരങ്ങൾക്ക് ഇരയാകുമെന്ന പേടി. നിഷ്കളങ്ക വിശ്വാസികൾക്ക് ദുഷ്ടലാക്കുകളില്ല, അന്യായമായ സ്വാർഥതകളില്ല; ആരോടും അസൂയയും വിദ്വേഷവുമില്ല. അതുകൊണ്ട് ന്യായമായ ശത്രുതയും അക്രമവും ആരിൽനിന്നും പ്രതീക്ഷിക്കുന്നുമില്ല. വല്ലവരും അന്യായമായി ആക്രമിക്കാൻ മുതിർന്നാൽ ദൗർബല്യമന്യെ ചെറുക്കാൻ തയാറാവുകയും ചെയ്യും. കാപട്യത്തിന്റെ അഭാവം ഭീരുത്വത്തിന്റെ കൂടി അഭാവമാണ്. കാപട്യമൊഴിഞ്ഞ മനസ്സിൽ ആത്മവിശ്വാസവും ധൈര്യവും ശൗര്യവും, സർവോപരി അല്ലാഹുവിനോടും റസൂലിനോടുമുള്ള കൂറും കുടിയിരിക്കുന്നു.

---

فَٱعْلَمْ أَنَّهُۥ لَآ إِلَٰهَ إِلَّا ٱللَّهُ وَٱسْتَغْفِرْ لِذَنۢبِكَ وَلِلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ ۗ
وَٱللَّهُ يَعْلَمُ مُتَقَلَّبَكُمْ وَمَثْوَىٰكُمْ ﴿١٩﴾

*19*

*ആകയാൽ പ്രവാചകൻ സദാ ഓർത്തിരിക്കുക: സാക്ഷാൽ സത്യദൈവമല്ലാതെ ദൈവമേതുമില്ല. നിന്റെയും സത്യവിശ്വാസികളായ സ്ത്രീ-പുരുഷന്മാരുടെയും തെറ്റുകുറ്റങ്ങൾക്ക് നിരന്തരം മാപ്പ് തേടിക്കൊണ്ടിരിക്കണം. നിങ്ങളുടെ കൃത്യാന്തരങ്ങളും അടങ്ങിപ്പാർക്കലുമെല്ലാം അല്ലാഹു കൃത്യമായി അറിയുന്നുണ്ട്.*

| | |
|---|---|
| നീ അറിയുക (ആകയാൽ പ്രവാചകൻ സദാ ഓർത്തിരിക്കുക) | فَاعْلَمْ |
| എന്തെന്നാൽ, അല്ലാഹു- സാക്ഷാൽ സത്യദൈവമല്ലാതെ ദൈവമേതുമില്ല | أَنَّهُ لَا إِلٰهَ إِلَّا اللهُ |
| നിന്റെ തെറ്റുകുറ്റങ്ങൾക്ക് (നിരന്തരം) മാപ്പ് തേടിക്കൊണ്ടിരിക്കണം | وَاسْتَغْفِرْ لِذَنبِكَ |
| വിശ്വാസികൾക്കും വിശ്വാസിനികൾക്കും വേണ്ടിയും (വിശ്വാസികളായ സ്ത്രീ-പുരുഷന്മാരുടെയും തെറ്റുകുറ്റങ്ങൾക്കും) | وَلِلْمُؤْمِنِينَ وَالْمُؤْمِنَاتِ |
| അല്ലാഹു (കൃത്യമായി) അറിയുന്നുണ്ട് | وَاللهُ يَعْلَمُ |
| നിങ്ങളുടെ തിരിഞ്ഞു മറിയൽ (കൃത്യാന്തരങ്ങൾ) | مُتَقَلَّبَكُمْ |
| നിങ്ങളുടെ പാർപ്പിടവും, അടങ്ങിപ്പാർക്കലും (എല്ലാം) | وَمَثْوَاكُمْ |

> **പാപമോചന പ്രാർഥന പാപം ചെയ്തവർ മാത്രം ചെയ്യേണ്ട ഒരനുഷ്ഠാനമല്ല. പാപം ചെയ്തുപോയവരും ചെയ്യാത്തവരും ചെയ്യാനിടയുള്ളവരുമെല്ലാം എപ്പോഴും ചെയ്യേണ്ടതാണ്** استغفار.

അതിനാൽ പ്രവാചകൻ സദാ ഓർത്തിരിക്കേണ്ട സത്യം ഇതാകുന്നു: അല്ലാഹു- സാക്ഷാൽ സത്യദൈവം അല്ലാതെ ദൈവമേതുമില്ല. വിഗ്രഹാരാധകർ ദൈവങ്ങളാക്കി പൂജിക്കുന്നതൊക്കെയും മിഥ്യകളാകുന്നു. പ്രവാചകൻ സ്വന്തം തെറ്റുകുറ്റങ്ങൾക്കും വിശ്വാസികളായ സ്ത്രീ-പുരുഷന്മാരുടെ തെറ്റുകുറ്റങ്ങൾക്കും മാപ്പ് തേടിക്കൊണ്ടിരിക്കണം. നബി (സ) ഗുരുതരമായ പാപങ്ങൾ ചെയ്യുന്നതുകൊണ്ടോ ചെയ്തുപോയിട്ടുള്ളതുകൊണ്ടോ അല്ല അദ്ദേഹത്തോട് പാപമോചനത്തിന് പ്രാർഥിക്കാൻ കൽപിക്കുന്നത്. പ്രവാചകന് പാപങ്ങളിൽനിന്ന് സുരക്ഷിതത്വം ലഭിച്ചിട്ടുണ്ട്. മനുഷ്യസഹജമായ പിശകുകൾ പ്രവാചകന്മാർക്കും സംഭവിക്കാം. അതു ഗൗരവമുള്ളതാണെങ്കിൽ അല്ലാഹു നേരിട്ടിടപെട്ടു തിരുത്തിക്കൊടുക്കും. അല്ലാത്തത് വിട്ടുവീഴ്ചയോടെ മാപ്പാക്കുന്നു. ലഘുവായ പിഴവുകൾ സംഭവിച്ചതിനും തിരുത്തപ്പെട്ടതിനും പ്രവാചകചരിത്രത്തിൽ ഉദാഹരണങ്ങൾ കാണാം.

പാപമോചന പ്രാർഥന പാപം ചെയ്തവർ മാത്രം ചെയ്യേണ്ട ഒരനുഷ്ഠാനമല്ല. പാപം ചെയ്തുപോയവരും ചെയ്യാത്തവരും ചെയ്യാനിടയുള്ളവരുമെല്ലാം എപ്പോഴും ചെയ്യേണ്ടതാണ് **استغفار**. ചെറുതോ വലുതോ ആയ തെറ്റുകുറ്റങ്ങൾ സംഭവിക്കാത്ത മനുഷ്യരുണ്ടാവില്ല. നമ്മുടെ പല കുറ്റങ്ങളും നാം അറിയുകയോ ഓർക്കുകയോ ചെയ്യുന്നില്ല. പലതും അവഗണിക്കുന്നു. ഇങ്ങനെ അറിഞ്ഞും അറിയാതെയും ജീവിതത്തിൽ പാപക്കറകൾ പുരണ്ടിരിക്കും. ഐഹികമായ ഇബാദത്തുകളും സൽക്കർമങ്ങളും ചെയ്യാൻ സൗകര്യമുണ്ടായിട്ടും ചെയ്യാതിരിക്കുക, നന്മകൾ പ്രചരിപ്പിക്കുന്നതിലും തിന്മകൾ തടയുന്നതിലും പൊതുജന സേവനത്തിലും പരോപകാരത്തിലും താൽപര്യമില്ലാതിരിക്കുക തുടങ്ങിയവയൊന്നും വൻ കുറ്റങ്ങളായി കണക്കാക്കപ്പെടുന്നില്ല. എന്നാൽ, അതെല്ലാം ജീവിതത്തിന്റെ കുറവുകൾ തന്നെയാണ്. ഇത്തരം മാലിന്യങ്ങളിൽനിന്നുള്ള സംശോധന പ്രക്രിയ കൂടിയാണ് നിരന്തരമായ **استغفار**. നാം അല്ലാഹുവേ, എനിക്കു പാപമോചനമരുളേണമേ -**استغفر الله**- എന്നുരുവിടുമ്പോൾ, ചെയ്തുപോയ പാപങ്ങൾ പൊറുത്തുതരേണമേ എന്നു മാത്രമല്ല പ്രാർഥിക്കുന്നത്, ഗുരുവും ലഘുവുമായ മാലിന്യങ്ങൾ പുരളുന്നതിൽനിന്ന് എന്റെ ജീവിതത്തെ കാത്തരുളേണമേ എന്നു കൂടിയാണ്. നിരന്തരം അങ്ങനെ പ്രാർഥിച്ചുകൊണ്ടിരിക്കുന്നവർക്ക് തെറ്റു കുറ്റങ്ങളിൽ പതിക്കാതിരിക്കാൻ നിതാന്ത ജാഗ്രതയുണ്ടായിരിക്കും. ഗുരുവായാലും ലഘുവായാലും ശരിയല്ലാത്തത് തെറ്റു തന്നെയാണ്. അതുകൊണ്ടാണ് പ്രവാചകന്റെ ലഘുവായ പിശകുകളെയും ഇവിടെ 'നിന്റെ കുറ്റം' -**ذنبك**- എന്നു തന്നെ പറഞ്ഞത്. അല്ലാഹുവേ, എന്റെ തെറ്റുകൾ പൊറുക്കേണമേ -**اللهم اغفر لي خطيئتي**- എന്ന് നബി (സ) നിരന്തരം പ്രാർഥിച്ചിരുന്നതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. മുസ്‌ലിമും അബൂദാവൂദും ഉദ്ധരിച്ച ഒരു നിവേദനത്തിൽ **إِنِّي أَسْتَغْفِرُ اللهَ فِي الْيَوْمِ مِائَةَ مَرَّةٍ** -ഞാൻ ദിനേന നൂറുവട്ടം അല്ലാഹുവിനോട് പാപമോചനം തേടുന്നുണ്ട്- എന്ന് നബി (സ) പ്രസ്താവിച്ചു.

**وَاللَّهُ يَعْلَمُ مُتَقَلَّبَكُمْ وَمَثْوَاكُمْ** എന്ന വാക്യം ഒരു താക്കീതാണ്. ഭാഷയിൽ മാറിമറിയലായ **تقلب** ന്റെ മറ്റൊരു രൂപമാണ് **متقلّب**. തിരിഞ്ഞുമറിഞ്ഞുകൊണ്ടിരിക്കൽ, പോക്കുവരവുകൾ, കൃത്യാന്തരം തുടങ്ങിയ പ്രയോഗാർഥങ്ങളുണ്ട്. ഇവിടെ ഉദ്ദേശ്യം ബഹുവിധ കർമങ്ങളാണ്. അടങ്ങിപ്പാർക്കലിനും പാർക്കുന്ന ഇടത്തിനും **مثوى** എന്നു പറയും. നിങ്ങളുടെ അനക്കവും അടക്കവുമെല്ലാം അല്ലാഹു കൃത്യമായി അറിയുന്നുണ്ട്. അതിൽ ശരിയെത്ര, തെറ്റെത്ര എന്നും നിങ്ങളെക്കാൾ അറിയുന്നതവനാണ്. തങ്ങളിൽ തെറ്റൊന്നും കാണാത്തവരും അല്ലാഹുവിനോട് പാപമോചനം തേടിക്കൊണ്ടിരിക്കണം. എങ്കിൽ നിങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടില്ലാത്ത തെറ്റുകളും അവൻ പരിഹരിച്ചു തരും. ●

وَيَقُولُ ٱلَّذِينَ ءَامَنُوا۟ لَوْلَا نُزِّلَتْ سُورَةٌ ۖ فَإِذَآ أُنزِلَتْ سُورَةٌ مُّحْكَمَةٌ وَذُكِرَ فِيهَا ٱلْقِتَالُ ۙ
رَأَيْتَ ٱلَّذِينَ فِى قُلُوبِهِم مَّرَضٌ يَنظُرُونَ إِلَيْكَ نَظَرَ ٱلْمَغْشِىِّ عَلَيْهِ مِنَ ٱلْمَوْتِ ۖ فَأَوْلَىٰ لَهُمْ
(٢٠) طَاعَةٌ وَقَوْلٌ مَّعْرُوفٌ ۚ فَإِذَا عَزَمَ ٱلْأَمْرُ فَلَوْ صَدَقُوا۟ ٱللَّهَ لَكَانَ خَيْرًا لَّهُمْ (٢١)

*20*
*സത്യവിശ്വാസികൾ ചോദിക്കാറുണ്ടായിരുന്നുവല്ലോ: സായുധ സമരം അനുവദിക്കുന്ന ഒരു സൂറ എന്തുകൊണ്ട് അവതരിക്കുന്നില്ല? എന്നാൽ സായുധ സമരം കൽപിക്കുന്ന ഖണ്ഡിതമായ സൂറ അവതരിച്ചപ്പോഴോ, മനസ്സിൽ രോഗമുള്ളവർ മരണവെപ്രാളത്താൽ ബോധരഹിതരായവർ നോക്കുന്നതുപോലെ നിന്നെ തുറിച്ചു നോക്കുന്നതാണ് കണ്ടത്. എന്നാൽ അവർക്ക് ഉചിതമായത് അതത്രെ.*
*21*
*അനുസരണവും മാന്യമായ സംസാരവും. കാര്യം ഉറച്ചു കഴിഞ്ഞാൽ പിന്നെ അല്ലാഹുവിനോടുള്ള പ്രതിജ്ഞ സത്യസന്ധമായി പാലിച്ചുവെങ്കിൽ അതായിരുന്നു അവർക്കേറ്റം ഗുണകരമായിട്ടുള്ളത്.*

| | |
|---|---|
| സത്യവിശ്വാസികൾ പറയുന്നു (ചോദിക്കാറുണ്ടായിരുന്നു) | وَيَقُولُ الَّذِينَ آمَنُوا |
| (സായുധ സമരം അനുവദിക്കുന്ന) ഒരു സൂറ എന്തുകൊണ്ടവതരിക്കുന്നില്ല? | لَوْلَا نُزِّلَتْ سُورَةٌ |
| എന്നാൽ, ഖണ്ഡിതമായ ഒരു സൂറ അവതരിക്കപ്പെട്ടാൽ (അവതരിച്ചപ്പോഴോ) | فَإِذَا أُنزِلَتْ سُورَةٌ مُّحْكَمَةٌ |
| അതിൽ യുദ്ധം പറയപ്പെട്ട (സായുധ സമരം കൽപിക്കുന്ന) | وَذُكِرَ فِيهَا الْقِتَالُ |
| മനസ്സിൽ രോഗമുള്ളവ(ർ)രെ നീ കണ്ടു(ണ്ടത്) | رَأَيْتَ الَّذِينَ فِي قُلُوبِهِم مَّرَضٌ |
| അവർ നിന്നെ (തുറിച്ചു) നോക്കുന്നു(ന്നതാണ്) | يَنظُرُونَ إِلَيْكَ |
| അവന്റെ മേൽ മൂടപ്പെട്ടവന്റെ നോട്ടം (ബോധരഹിതരായവർ നോക്കുന്നതു പോലെ) | نَظَرَ الْمَغْشِيِّ عَلَيْهِ |
| മരണ(വെപ്രാള)ത്താൽ | مِنَ الْمَوْتِ |
| എന്നാൽ അവർക്ക് മഹാനാശം, അവർക്ക് ഏറ്റം വിശിഷ്ടമായത് (ഇതത്രെ) | فَأَوْلَىٰ لَهُمْ |
| അനുസരണം | طَاعَةٌ |
| മാന്യമായ സംസാരവും | وَقَوْلٌ مَّعْرُوفٌ |
| കാര്യം ഉറച്ചുകഴിഞ്ഞാൽ, ദൃഢനിശ്ചയം ചെയ്താൽ | فَإِذَا عَزَمَ الْأَمْرُ |
| പിന്നെ അല്ലാഹുവിനോട് സത്യം പറഞ്ഞുവെങ്കിൽ (അല്ലാഹുവിനോടുള്ള പ്രതിജ്ഞ സത്യസന്ധമായി പാലിച്ചുവെങ്കിൽ) | فَلَوْ صَدَقُوا اللَّهَ |
| അതായിരുന്നു അവർക്ക് ഏറ്റം ഗുണകരമായിട്ടുള്ളത് | لَكَانَ خَيْرًا لَّهُمْ |

പ്രവാചകൻ മദീനയിലെത്തി ആ നഗരത്തെ ഒരു സ്വതന്ത്ര സ്റ്റേറ്റ് ആയി രൂപപ്പെടുത്തിയ ആദ്യകാലങ്ങളിൽ അവതരിച്ചതാണീ സൂറ. മദീനയിൽനിന്ന് പ്രവാചകനെയും മുസ്‌ലിംകളെയും തുരത്തുന്നതിനുവേണ്ടി മക്കയിൽ ഖുറൈശികൾ കോപ്പുകൂട്ടുന്നത് അവർ കാണുന്നുണ്ടായിരുന്നു. ചുറ്റുമുള്ള മുശ്‌രിക്ക് ഗോത്രങ്ങളും മദീനയെ ആക്രമിക്കാൻ തക്കം പാർത്തിരിക്കുകയാണ്. മുസ്‌ലിംകൾക്കാണെങ്കിൽ യുദ്ധം ചെയ്യാൻ അനുമതിയുണ്ടായിരുന്നില്ല. ഈ സാഹചര്യത്തിൽ സത്യവിശ്വാസികൾ ഇങ്ങനെ ആഗ്രഹിച്ചിരുന്നു: നമുക്ക് യുദ്ധം

**നിങ്ങളുടെ അനക്കവും അടക്കവുമെല്ലാം അല്ലാഹു കൃത്യമായി അറിയുന്നുണ്ട്. അതിൽ ശരിയെത്ര, തെറ്റെത്ര എന്നും നിങ്ങളെക്കാൾ അറിയുന്നതവനാണ്. തങ്ങളിൽ തെറ്റൊന്നും കാണാത്തവരും അല്ലാഹുവിനോട് പാപമോചനം തേടിക്കൊണ്ടിരിക്കണം. എങ്കിൽ നിങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടില്ലാത്ത തെറ്റുകളും അവൻ പരിഹരിച്ചു തരും.**

അനുവദിക്കുന്ന സൂക്തമുള്ള ഒരു സൂറ ഖുർആനിൽ അവതരിക്കാത്തതെന്താണ്? അങ്ങനെ ഒരു സൂറ അവതരിച്ചിരുന്നുവെങ്കിൽ നമുക്കു നേരെ വാളോങ്ങുന്ന ശത്രുക്കളെയെല്ലാം സായുധമായി നേരിട്ട് അടിച്ചമർത്താമായിരുന്നു. അവർ ഈ ആഗ്രഹം പരസ്പരം പറയുകയും പ്രവാചകനോട് പ്രകടിപ്പിക്കുകയും ചെയ്യാറുണ്ടായിരുന്നു. നിഷ്കളങ്കരായ വിശ്വാസികൾ ഈ ആഗ്രഹം പ്രകടിപ്പിക്കുമ്പോൾ കപടവിശ്വാസികളും പ്രത്യക്ഷത്തിൽ അതിൽ പങ്കുചേരും.

അവർ ആവശ്യപ്പെടുന്നതു പോലെ അസന്ദിഗ്ധമായി യുദ്ധം കൽപിക്കുന്ന സൂക്തങ്ങളുള്ള ഒരു സൂറ അവതരിച്ചാലോ, കപടന്മാരുടെ മനോവൈകൃതം വെളിപ്പെടുകയായി. سُورَةٌ مُّحْكَمَةٌ എന്നതിന്റെ പൂർണരൂപം سورة فيه آية محكمة -യുദ്ധം അസന്ദിഗ്ധമായി കൽപിക്കുന്ന സൂക്തമുള്ള സൂറ എന്നാണ്. ഭദ്രമായതും സുവ്യക്തമായതും സന്ദേഹത്തിനിടമില്ലാത്തതുമാണ് محكمة. 3:7-ൽ ഖുർആനിൽ آيات محكمات -അസന്ദിഗ്ധമായ വിധികളുള്ള സൂക്തങ്ങൾ- ഉണ്ടെന്നു പറയുന്നുണ്ട്. അതിനു വിപരീതമായ واخر متشابهات -സന്ദിഗ്ധതയുള്ള മറ്റു സൂക്തങ്ങളും- എന്നും പറഞ്ഞിരിക്കുന്നു. ഇവിടെയും محكمة ഉപയോഗിച്ചിരിക്കുന്നത് متشابهة ന്റെ വിപരീതമായിട്ടാണ്. വ്യാഖ്യാനിച്ചും വിശദീകരിച്ചും ഒഴിഞ്ഞുമാറാൻ പഴുതില്ലാത്തവണ്ണം യുദ്ധം സുവ്യക്തമായും അസന്ദിഗ്ധമായും കൽപിക്കുന്ന സൂറ എന്നാണ് ആശയം.

**കാപട്യ ദീനം ബാധിക്കാത്ത ഹൃദയമുള്ള നിഷ്കളങ്ക വിശ്വാസികൾ ആഗ്രഹിച്ചതുപോലെ ശത്രുക്കളെ സായുധമായി നേരിടാനുള്ള കൽപന ലഭിക്കുമ്പോൾ അത് സഹർഷം സ്വാഗതം ചെയ്യുന്നു. ആദർശവീര്യവും അതിന്റെ മാർഗത്തിൽ സമരം ചെയ്യാനുള്ള ആവേശവുമാണ് അവരെ നയിക്കുന്നത്.**

الَّذِينَ فِي قُلُوبِهِم مَّرَضٌ -മനസ്സിൽ രോഗമുള്ളവർ- കപടന്മാരാണ്. മറ്റു ചില സന്ദർഭങ്ങളിലും ഖുർആൻ കപടന്മാരെ മനസ്സിൽ രോഗമുള്ളവർ എന്നു വിശേഷിപ്പിക്കുന്നുണ്ട്. فِي قُلُوبِهِم مَّرَضٌ فَزَادَهُمُ اللَّهُ مَرَضًا (അവരുടെ മനസ്സിൽ രോഗമുണ്ട്, ആ രോഗത്തെ അല്ലാഹു വളർത്തുന്നു -2:10) എന്ന് കപടന്മാരെ വർണിച്ചിരിക്കുന്നു. കാപട്യം മ്ലേഛമായ ഒരു മനോരോഗമാകുന്നു എന്നാണിത് സൂചിപ്പിക്കുന്നത്. മനുഷ്യൻ ബോധപൂർവം സ്വയം വാരിപ്പുണരുന്ന ഈ രോഗം ഇതര മനോരോഗങ്ങളിൽനിന്നു ഭിന്നമാണ്. ഭീരുത്വമാണ് കാപട്യത്തിന്റെ കാതൽ. അവിശ്വാസം പുറത്തുപറഞ്ഞാൽ ഉള്ളിലുള്ള സ്വാർഥതകളും ദുഷ്ടലാക്കുകളും കണ്ടുപിടിക്കപ്പെടുമെന്ന പേടി, സ്വാർഥ താൽപര്യങ്ങൾ ഹനിക്കപ്പെടുമെന്ന പേടി, മറ്റുള്ളവരുടെ ആക്ഷേപ ശകാരങ്ങൾക്ക് ഇരയാകുമെന്ന പേടി. നിഷ്കളങ്ക വിശ്വാസികൾക്ക് ദുഷ്ടലാക്കുകളില്ല, അന്യായമായ സ്വാർഥതകളില്ല; ആരോടും അസൂയയും വിദ്വേഷവുമില്ല. അതുകൊണ്ട് ന്യായമായ ശത്രുതയും അക്രമവും ആരിൽനിന്നും പ്രതീക്ഷിക്കുന്നുമില്ല. വല്ലവരും അന്യായമായി ആക്രമിക്കാൻ മുതിർന്നാൽ ദൗർബല്യമന്യേ ചെറുക്കാൻ തയാറാവുകയും ചെയ്യും. കാപട്യത്തിന്റെ അഭാവം ഭീരുത്വത്തിന്റെ കൂടി അഭാവമാണ്. കാപട്യമൊഴിഞ്ഞ മനസ്സിൽ ആത്മവിശ്വാസവും ധൈര്യവും ശൗര്യവും, സർവോപരി അല്ലാഹുവിനോടും റസൂലിനോടുമുള്ള കൂറും കുടിയിരിക്കുന്നു.

കാപട്യ ദീനം ബാധിക്കാത്ത ഹൃദയമുള്ള നിഷ്കളങ്ക വിശ്വാസികൾ ആഗ്രഹിച്ചതു പോലെ ശത്രുക്കളെ സായുധമായി നേരിടാനുള്ള കൽപന ലഭിക്കുമ്പോൾ അത് സഹർഷം സ്വാഗതം ചെയ്യുന്നു. ആദർശവീര്യവും അതിന്റെ മാർഗത്തിൽ സമരം ചെയ്യാനുള്ള ആവേശവുമാണ് അവരെ നയിക്കുന്നത്. യുദ്ധകൽപന മാത്രമല്ല, അല്ലാഹുവിങ്കൽനിന്നുള്ള ഏതു കൽപനയും ശിരസാ വഹിക്കാൻ അവർ മുന്നോട്ടു വരുന്നു. إِنَّمَا كَانَ قَوْلَ الْمُؤْمِنِينَ إِذَا دُعُوا إِلَى اللَّهِ وَرَسُولِهِ لِيَحْكُمَ بَيْنَهُمْ أَن يَقُولُوا سَمِعْنَا وَأَطَعْنَا (തങ്ങൾക്കിടയിൽ വിധികൽപിക്കാൻ അല്ലാഹുവിലേക്കും റസൂലിലേക്കും ക്ഷണിക്കപ്പെട്ടാൽ 'ഞങ്ങൾ കേട്ടു, അനുസരിച്ചു' എന്നായിരിക്കും യഥാർഥ വിശ്വാസികളുടെ പ്രതികരണം -24:51). എന്നാൽ കാപട്യ ദീനമുള്ളവരോ, സായുധ സമരം പോലെ ത്യാഗവും ക്ലേശവും ആവശ്യപ്പെടുന്ന സൂക്തങ്ങൾ കേട്ടാൽ മരണവെപ്രാളത്താൽ ബോധം കെട്ടവരെപ്പോലെ പ്രവാചകനെ തുറിച്ചു നോക്കുകയായി. نَظَرَ الْمَغْشِيِّ عَلَيْهِ مِنَ الْمَوْتِ എന്നാണ് മൂലവാക്യം. മൂടി, മറച്ചു എന്ന് ഭാഷാർഥമുള്ള غشي യിൽനിന്നുള്ള കർതൃ വചനമാണ് مغشي. മോഹാലസ്യപ്പെട്ടു, ബോധം മറഞ്ഞു എന്ന അർഥത്തിൽ غشى عليه എന്നു പറയുന്നു. مغشي عليه മോഹാലസ്യപ്പെട്ടവനാണ്. 33:19-ൽ കപടന്മാരുടെ ഭീതിയെക്കുറിച്ച് ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു: فَإِذَا جَاءَ الْخَوْفُ رَأَيْتَهُمْ يَنظُرُونَ إِلَيْكَ تَدُورُ أَعْيُنُهُمْ كَالَّذِي يُغْشَىٰ عَلَيْهِ مِنَ الْمَوْتِ (യുദ്ധം ആസന്നമായാൽ മരണ വക്ത്രത്തിലകപ്പെട്ടവരെപ്പോലെ അവർ മോഹാലസ്യപ്പെട്ട് കണ്ണുകൾ ചുഴറ്റി നിന്നെ നോക്കുന്നതു കാണാം). എന്നാൽ, യുദ്ധ ഭീഷണിയൊന്നും ഇല്ലാത്ത

പ്പോൾ ഇക്കൂട്ടർ വലിയ യുദ്ധവീരന്മാരും സമരോത്സുകരുമായി നടിക്കുന്നു. فَإِذَا ذَهَبَ الْخَوْفُ سَلَقُوكُم بِأَلْسِنَةٍ حِدَادٍ (യുദ്ധ ഭീഷണി അകന്നുപോയാൽ ഇക്കൂട്ടർ തന്നെ മൂർച്ചയുള്ള നാവുകളുമായി നിങ്ങളോട് ഒച്ചവെക്കുന്നു -33:19). 4:77-ൽ കപടവിശ്വാസികളുടെ ഈ സ്വഭാവം കൂടുതൽ സ്പഷ്ടമായി പ്രസ്താവിക്കുന്നുണ്ട്:

أَلَمْ تَرَ إِلَى الَّذِينَ قِيلَ لَهُمْ كُفُّوا أَيْدِيَكُمْ وَ أَقِيمُوا الصَّلَاةَ وَ آتُوا الزَّكَاةَ فَلَمَّا كُتِبَ عَلَيْهِمُ الْقِتَالُ إِذَا فَرِيقٌ مِّنْهُمْ يَخْشَوْنَ النَّاسَ كَخَشْيَةِ اللَّهِ أَوْ أَشَدَّ خَشْيَةً وَقَالُوا رَبَّنَا لِمَ كَتَبْتَ عَلَيْنَا الْقِتَالَ لَوْلَا أَخَّرْتَنَا إِلَىٰ أَجَلٍ قَرِيبٍ

''സായുധ നടപടികളിലേർപ്പെടാതെ കൈകൾ അടക്കിവെക്കുവിൻ, നമസ്കാരം നിലനിർത്തുവിൻ, സകാത്ത് നൽകുവിൻ എന്നുപദേശിക്കപ്പെട്ട ജനത്തെ കണ്ടില്ലയോ? യുദ്ധം കൽപിക്കപ്പെട്ടപ്പോഴോ, അവരിലൊരു വിഭാഗമതാ അല്ലാഹുവിനെ ഭയപ്പെടേണ്ടതു പോലെ അല്ലെങ്കിൽ അതിലധികമായി ജനത്തെ ഭയപ്പെടുന്നു. നാഥാ; ഞങ്ങൾക്ക് യുദ്ധം വിധിച്ചതെന്തിന്, ഞങ്ങൾക്ക് കുറച്ചുകൂടി അവസരം തന്നുകൂടേ എന്നു പരിതപിക്കുന്നു.''

فَأَوْلَىٰ لَهُمْ രണ്ടുതരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. وُلِيٌ എന്ന മൂലത്തിൽനിന്നുള്ളതാണിത് എന്ന അടിസ്ഥാനത്തിലാണ് ഒരു വ്യാഖ്യാനം. അടുത്തതും ഉചിതവും ഉൽകൃഷ്ടതയുമാണ് وَلِي. അതിൽനിന്നുള്ള അത്യുക്തി ആണ് أولى. അവർക്ക് ഏറ്റം വിശിഷ്ടമായ നടപടി എന്നർഥം. ഈ കാപട്യത്തെയും ഭീരുത്വത്തെയും അപേക്ഷിച്ച് അവർക്ക് ഏറ്റം ഗുണകരമായിട്ടുള്ളത് ആത്മാർഥമായ അനുസരണവും മാന്യമായ സംസാരവുമാണെന്ന് താൽപര്യം. وَيْل എന്ന മൂലത്തിൽനിന്നുള്ളതാണ് أولى എന്നാണ് രണ്ടാമത്തെ വ്യാഖ്യാനം. നാശത്തെയും ശാപത്തെയും ഭീഷണിയെയും കുറിക്കുന്നതാണ് وَيل. അതിന്റെ അത്യുക്തി വചനമാണ് أولى. യഥാർഥ രൂപം أويل എന്നാണ്. ഉച്ചാരണ സൗകര്യാർഥം أولى എന്നാക്കി. അവർ കൊണ്ടുനടക്കുന്ന കാപട്യവും ഭീരുത്വവും അവർക്ക് ഏറ്റം ദോഷകരവും നാശകരവുമാകുന്നു എന്നാണ് വചന താൽപര്യം. 75: 34,35-ൽ, നമസ്കരിക്കുകയോ സകാത്ത് കൊടുക്കുകയോ ചെയ്യാതെ അഹങ്കാരിയും ധിക്കാരിയുമായി വിഹരിക്കുന്ന സത്യനിഷേധിയോട് أَوْلَىٰ لَكَ فَأَوْلَىٰ . ثُمَّ أَوْلَىٰ لَكَ فَأَوْلَىٰ (നിനക്കു മഹാനാശം, നിനക്കു നാശം തന്നെ. പിന്നെയും നിനക്കു മഹാ നാശം) എന്നു പറയുന്നുണ്ട്. തുടർന്നുള്ള ......... طَاعَةٌ എന്ന വാക്യവുമായി കൂടുതൽ യോജിക്കുന്നത് ആദ്യം പറഞ്ഞ അർഥമാണ്. അതായത്, കാര്യം -സംഘട്ടനം- ഉറപ്പായിക്കഴിഞ്ഞാൽ പിന്നെ അവർക്ക് ഏറ്റം വിശിഷ്ടമായ ചര്യ അല്ലാഹുവിനോടും റസൂലിനോടും ആത്മാർഥമായ കൂറും അനുസരണവും പുലർത്തുകയും, തങ്ങളിലും മറ്റുള്ളവരിലും ആദർശവീര്യവും ആത്മവിശ്വാസവും വിജയപ്രതീക്ഷയും വളർത്തും വണ്ണം സംസാരിക്കുകയുമാണ്.

സാഹചര്യം ആവശ്യപ്പെടുമ്പോൾ സമരസന്നദ്ധരാവുക എന്നത് സത്യവിശ്വാസം പ്രഖ്യാപിക്കുന്നതിലൂടെ വിശ്വാസികൾ അല്ലാഹുവിനോട് പ്രതിജ്ഞ ചെയ്തിട്ടുള്ളതാണ്. ആ പ്രതിജ്ഞയെ സത്യസന്ധമായി സാക്ഷാത്കരിക്കുക തന്നെയാണ് അവർക്ക് ഇഹത്തിലും പരത്തിലും ഗുണകരമായിട്ടുള്ളത്. ഇല്ലെങ്കിൽ ഒന്നുകിൽ അവർക്ക് മനമില്ലാമനസ്സോടെ സമരത്തിന് പോകേണ്ടിവരും. മഹാ പരാജയമായിരിക്കും അല്ലാഹുവിനെയും റസൂലിനെയും തങ്ങളെത്തന്നെയും വഞ്ചിക്കുന്ന ആ നടപടിയുടെ ഫലം. അല്ലെങ്കിൽ ഇടക്കു വെച്ച് സമര മുഖത്തുനിന്ന് ഓടിയൊളിക്കേണ്ടി വരും. അങ്ങനെ ഇഹത്തിലും പരത്തിലും നിന്ദ്യരായിത്തീരും.

ഉഹുദ് യുദ്ധത്തിനു മുമ്പവതരിച്ച ഈ സൂക്തങ്ങൾ ഒരു പ്രവചനം കൂടിയാണെന്നും അത് ഖുർആനിന്റെ ദൈവികതക്ക് തെളിവാണെന്നും ചില പണ്ഡിതന്മാർ വിശദീകരിച്ചിട്ടുണ്ട്. ഹിജ്റ മൂന്നാം വർഷമാണ് ഉഹുദ് യുദ്ധം നടന്നത്. മദീനയെ ആക്രമിക്കാൻ വന്ന ഖുറൈശിപ്പട നഗരപ്രാന്തത്തിലുള്ള ഉഹുദിൽ എത്തിയപ്പോൾ പ്രവാചകനും മുസ് ലിംകളും അവരെ പ്രതിരോധിക്കാൻ പുറപ്പെട്ടു. അബ്ദുല്ലാഹിബ്നു ഉബയ്യിബ്നി സുലൂലിന്റെ നേതൃത്വത്തിലുള്ള മുനാഫിഖുകളും മുസ്‌ലിംകളോടൊപ്പമുണ്ടായിരുന്നു. മദീനക്കും ഉഹുദിനുമിടയിലുള്ള 'ശൗത്വ്' എന്ന സ്ഥലത്തെത്തിയപ്പോൾ ഇബ്നു ഉബയ്യ് തന്റെ അനുയായികളോട് പറഞ്ഞു: "അല്ലയോ ജനങ്ങളേ, നമ്മളിവിടെ നമ്മളോടുതന്നെ യുദ്ധം ചെയ്യുന്നതെന്തിനാണെന്ന് നമുക്കറിഞ്ഞുകൂടാ.'' തുടർന്ന് അയാളും കൂട്ടാളികളും പിരിഞ്ഞുപോയി. മൊത്തം സൈന്യത്തിന്റെ മൂന്നിലൊന്നുണ്ടായിരുന്നുവത്രെ അവർ. ●

**സാഹചര്യം ആവശ്യപ്പെടുമ്പോൾ സമരസന്നദ്ധരാവുക എന്നത് സത്യവിശ്വാസം പ്രഖ്യാപിക്കുന്നതിലൂടെ വിശ്വാസികൾ അല്ലാഹുവിനോട് പ്രതിജ്ഞ ചെയ്തിട്ടുള്ളതാണ്. ആ പ്രതിജ്ഞയെ സത്യസന്ധമായി സാക്ഷാത്കരിക്കുക തന്നെയാണ് അവർക്ക് ഇഹത്തിലും പരത്തിലും ഗുണകരമായിട്ടുള്ളത്.**